بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 30.04.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## പുണ്യ റമദാൻ മാസത്തിൽ വിശിഷ്യാ അവസാന പത്തിൽ സ്വലാത്ത്, തൗബ, ഇസ്തിഗ്ഫാർ എന്നിവയുടെ പ്രസക്തി

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ الرَّحۡمٰنِ الرَّحِيۡمِ ۙ مٰلِكِ يَوۡمِ الدِّيۡنِ ؕ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ؒ

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു,

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മൾ റമദാൻ മാസത്തിലൂടെയാണ് കടന്നുപോകുന്നത്. അവസാന പത്ത് അടുത്തിരിക്കുകയാണ്. അവസാന ദശകത്തിൽ അല്ലാഹു നരകത്തിൽ നിന്നും മോചനം നല്കുമെന്ന് തിരുനബി(സ) പറയുകയുണ്ടായി. ആയതിനാൽ നാം ഇന്നാളുകളിൽ പ്രത്യേകമായ നിലയിൽ ആരാധനകളെ അലങ്കരിക്കുവാനും, സ്വലാത്തും, തൗബയും ഇസ്തിഗ്ഫാറും ചെയ്യുവാനും സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാനും ശ്രദ്ധിക്കേണ്ടതാണ്. ഇതര ദിനങ്ങളിൽ കാണാൻ സാധിക്കാത്തത്ര അവസാന പത്തിൽ തിരുനബി(സ) ആരാധനാദി കർമങ്ങളിൽ അങ്ങേയറ്റം വ്യാപൃതനായിരുന്നു. തിരുനബി(സ) വിശ്വാസികൾക്ക് ഉത്തമ മാതൃകയാണ്. നാം നമ്മുടെ കഴിവനുസരിച്ച് ആ ഉദാത്തമായ നിലവാരത്തിലെത്താൻ ശ്രമിക്കേണ്ടതാണ്. നാം ഇന്നാളുകളിൽ പ്രത്യേകമായ നിലയിൽ ദുആകളിൽ മുഴുകേണ്ടതാണ്. അഹ്മദികൾ സവിശേഷമായ നിലയിൽ ഇക്കാര്യത്തിൽ ബദ്ധശ്രദ്ധരായിരിക്കേണ്ടതുണ്ട്. പാകിസ്ഥാനിലും മറ്റു മുസ്‌ലീം രാഷ്ട്രങ്ങളിലും അഹ്മദികൾക്കെതിരെ പല നീക്കങ്ങളും നടക്കുന്നുണ്ട്. അതു പോലെ കൊറോണയുടെയും അതിവ്യാപനം രൂക്ഷമായി കൊണ്ടിരിക്കു ന്നു. അല്ലാഹു നമ്മെ എല്ലാറ്റിൽ നിന്നും കാത്തു രക്ഷിക്കട്ടെ.

അല്ലാഹു നമുക്ക് തിരുനബി(സ) മുഖേനയും ഇക്കാലഘട്ടത്തിൽ തിരുനബിയുടെ സത്യപ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയും ദുആ സ്വീകരിക്കപ്പെടുന്ന രീതികൾ പഠിപ്പിച്ചു തന്നിരിക്കുന്നു. അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നതോടൊപ്പം റസൂലുല്ലാഹ്(സ)യ്ക്കു മേൽ സ്വലാത്തു ചൊല്ലുന്നതും ദുആ സ്വീകരിക്കപ്പെടുന്നതിന് അനിവാര്യമാണ്. അല്ലെങ്കിൽ അത്തരം ദുആകൾ ആകാശ ഭൂമികൾക്കിടയിൽ കുടുങ്ങി കിടക്കുന്നതാണ്. തിരുനബി(സ) പറയുകയുണ്ടായി, എനിക്കു മേൽ സ്വലാത്തു ചൊല്ലുക അത് നിങ്ങൾക്കു പരിശുദ്ധിക്കും പുരോഗതിക്കും കാരണമാകുന്നതാണ്. ഹൃദയാത്മനാ എനിക്കു മേൽ സ്വലാത്തു ചൊല്ലുന്ന വ്യക്തിയുടെ ആത്മീയ പദവികൾ അല്ലാഹു ഉയർത്തുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് തന്റെ ഇൽഹാം ആയ **സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ സയ്യിദി വുൽദി ആദമ വ ഖാത്തമുന്നബിയ്യീൻ** എന്നതിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി. ഇതിൽ നിന്നും മനസ്സിലാകുന്നത് എല്ലാതരം ആത്മീയ പദവികളും അനുഗ്രഹങ്ങളും കാരുണ്യങ്ങളും തിരുനബി മുഖാന്ത രവും അതുപോലെ തിരുനബിയെ സ്നേഹിക്കുന്നതിന്റെ പ്രതിഫലമായുമാണ് ലഭിക്കുന്നത്. സുബ്ഹാനല്ലാഹ് ദൈവസമക്ഷം ഈ സർവ്വലോക നേതാവിന്റെ സ്ഥാനമാനങ്ങൾ എത്രത്തോളം ഉന്നതമാണെന്ന് നോക്കുക. തിരുനബിക്ക് പ്രിയങ്കരർ ആയിട്ടുള്ളവർ ദൈവത്തിനും പ്രിയങ്കരരായി മാറുന്നു. അതുപോലെ തിരുനബിയുടെ സേവകർ മുഴുവൻ ലോകത്താലും സേവിക്കപ്പെടുന്നവർ ആയി മാറുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് ഉമ്മത്തിയായ നബിയാണ്. അതുപോലെ തിരുനബിയുടെ പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുപോകാനായി അയക്കപ്പെട്ട വ്യക്തിയുമാണ്. ഇന്ന് ലോകത്തിൽ അദ്ദേഹത്തിന് ലഭിച്ച സ്ഥാനമാനങ്ങൾ തിരുനബിയുടെ വിധേയത്വത്തിന്റെയും ദാസത്വത്തിന്റെയും ഫലമാണ്. അദ്ദേഹം പറയുന്നു, ഈ വിനീതൻ ഒരു രാത്രി ഒരുപാട് സ്വലാത്ത് ചൊല്ലിയിരുന്നു. തൽഫലമായി ഈയു ള്ളവന്റെ ഹൃദയവും ആത്മാവും സുഗന്ധഭരിതമായിരുന്നു. ആ രാത്രി ഞാൻ ഇപ്രകാരം ഒരു സ്വപ്നം കണ്ടു. മലക്കുകൾ പ്രകാശത്തിന്റെ കൂജകൾ ഈ വിനീതന്റെ അടുത്തേക്ക് കൊണ്ടുവന്നു. അവരിലൊരാൾ ഇപ്രകാരം പറഞ്ഞു. മുഹമ്മദിന്(സ) സ്വലാത്ത് ചൊല്ലിയതിന്റെ ബർക്കത്ത് കൊണ്ടാണ് നിനക്ക് ഇത് ലഭിച്ചിരിക്കുന്നത്. വാനലോകത്തുള്ള മലക്കുകൾ ഈ വ്യക്തിയാണ് അല്ലാഹുവിന്റെ റസൂലിനെ ഏറ്റവുമധികം സ്നേഹിക്കുന്നവൻ എന്ന് സാക്ഷ്യം പറഞ്ഞ മഹ്ദിയെയും മസീഹിനെയും വിശ്വസിക്കുന്നവരാണ് നമ്മൾ. ഹുസൂർ തിരുമനസ്സ് പറയുന്നു, മുഹ്യ് അഥവാ ദീനിനെ പുനരുജ്ജീവിപ്പിക്കുന്നവൻ എന്ന പദവിക്ക് ഏറ്റവും അത്യന്താപേക്ഷിതമായ നിബന്ധന എന്നത് പ്രവാചകനോടുള്ള അനുരാഗമാണ്. നബിക്കു മേൽ സ്വലാത്ത് ചൊല്ലുക എന്നത് ഈ ദീനിന്റെ പുനരുത്ഥാനം ചെയ്യുന്ന വ്യക്തിയുടെ ദൗത്യത്തെ

മുമ്പോട്ടു കൊണ്ടു പോകുവാൻ പ്രതിജ്ഞാബദ്ധരായ നമ്മുടെ ബാധ്യതയാണ്. അങ്ങനെ വാഗ്ദത്ത മഹ്ദിയുടെയും മസീഹിന്റെയും സഹായികളായി നാം മാറേണ്ടതുണ്ട്. ഇത് നമ്മൾ അഹ്മദികളുടെ ചുമലിൽ നിക്ഷിപ്തമായ ഭാരിച്ച ഉത്ത രവാദിത്വമാണ്. ഖിയാമത്ത് നാൾ വരെ നമുക്കുമേൽ അനുഗ്രഹാശിസ്സുകൾ നില നില്ക്കണമെങ്കിൽ നാം നബിക്കുമേൽ സ്വലാത്ത് ചൊല്ലി കൊണ്ടിരിക്കണം. അപ്രകാരം നാം ചെയ്യുകയാണെങ്കിൽ ശത്രുക്കളുടെ കുതന്ത്രങ്ങളും അവരുടെ ആക്രമണങ്ങളും എല്ലാം ദൈവാനുഗ്രഹത്താൽ നശിക്കപ്പെടുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു, സ്വലാത്ത് എന്നാൽ ദുആ ചെയ്യുകയെന്നാണ്

അർഥം. അപ്പോൾ **അല്ലാഹുമ്മ സ്വല്ലീ** എന്നാൽ അല്ലാഹുവേ നീ റസൂൽ കരീം(സ)നായി ദുആ ചെയ്യുകയെന്ന അർഥം ലഭിക്കും. അല്ലാഹുവിനെ കുറിച്ച് നാം അവൻ ദുആ ചെയ്യുന്നു എന്നു പറഞ്ഞാൽ അതിനർഥം അവൻ തന്റെ സകല സൃഷ്ടിജാലങ്ങളോടും നിങ്ങൾ എന്റെ ദാസനെ സഹായിക്കണമെന്ന് ആവശ്യപ്പെടുന്നു എന്നാണ്. ആയതിനാൽ **അല്ലാഹുമ്മ സ്വല്ലീ** എന്നാൽ അല്ലാഹുവേ നീ റസൂൽ കരീം(സ)നായി സകല നന്മകളും സുകൃതങ്ങളും കാംക്ഷിക്കുവിൻ എന്നാണ് വിവ ക്ഷ. **അല്ലാഹുമ്മ ബാരിക്ക്** എന്നാൽ അല്ലാഹു വേ നീ റസൂൽ കരീം(സ)ന് നിന്റെ അനുഗ്രഹാശിസ്സുകളും കൃപാവരങ്ങളും എത്രയധികം വർദ്ധിതമാക്കണം എന്നാൽ അഖില ലോകത്തുമുള്ള കാരുണ്യങ്ങളും ഐശ്വര്യങ്ങളും തിരുനബിക്കുമേൽ ഒരുമിപ്പിക്കേണമേ എന്നാകും വിവക്ഷ. നാം ഹൃദയനൊമ്പരത്തോടെ തിരുദൂതരുടെ ദീനിന്റെ യശസ്സിനായി ദുആ ചെയ്യുമ്പോൾ ആ ദുആയുടെയും സ്വലാത്തിന്റെയും ഗുണഫലം നമുക്കും ലഭിക്കുന്നതാണ്. എന്നാൽ അതിന് ചില നിബന്ധന കളുണ്ട്. തിരുനബിയുടെ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കണം. ദൈവത്തോടും സമസൃഷ്ടികളോടുമുള്ള കടമകളെ കുറിച്ച് ശ്രദ്ധാലുക്കളാകണം. തിരുനബി(സ)യുടെ യഥാർഥ കുടുംബമെന്നതിന്റെ കടമകൾ നിറവേറ്റുന്നവരാകണം. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും പേരിൽ അക്രമം കാട്ടുന്നവരാകരുത്. നിയമങ്ങൾ ഉല്ലംഘിക്കുകയും റോഡുകൾ ബ്ലോക്കാക്കി രോഗികൾക്ക് ആശുപത്രിയിൽ പോകാൻ പോലും പ്രയാസമുണ്ടാക്കുകയും ഒക്കെ ചെയ്തിട്ട് പിന്നെ കുറെ സ്വലാത്തും ചൊല്ലി ഞങ്ങൾ പ്രവാചക പ്രേമികളാണ് അതു കൊണ്ട് ഞങ്ങളെ ഒന്നും പറയരുതെന്ന് പറയുന്നവരെ പോലെ നിങ്ങളുമാകരുത്. ഇതെല്ലാം അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകൾക്ക് കടകവിരുദ്ധമാണ്.

തിരുനബി(സ)ക്കുമേൽ സ്വലാത്ത് ചൊല്ലാൻ വിശ്വാസികളോട് പരിശുദ്ധ ഖുർആനിൽ കല്പനയുള്ളത് സ്വലാത്തിന്റെ പ്രസക്തിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. സ്വലാത്തിന് എത്രത്തോളം പ്രസക്തിയുണ്ടെന്നാൽ അല്ലാഹുവും അവന്റെ മലക്കുകളും പോലും തിരുനബി(സ)ക്കുമേൽ സ്വലാത്ത് ചൊല്ലുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സൂറഃ അഹ്സാബിലെ അമ്പത്തി ഏഴാമത്തെ വചനത്തെ വിശദീകരിച്ചു കൊണ്ടു പറയുന്നു, റസൂൽ കരീം(സ)ന്റെ സൽക്കർമങ്ങളെ നിർവചിക്കാനോ പ്രശംസിക്കാനോ അല്ലാഹു പ്രത്യേകം പദം ഉപയോഗിച്ചില്ല. അത് വിവരണാതീതവും വർണനകൾക്ക് അപ്പുറവുമായിരുന്നു. അല്ലാഹു മറ്റൊരു പ്രവാചകനും വേണ്ടി ഇത്തരത്തിലുള്ള ആയത്ത് ഇറക്കിയില്ല. തിരുനബിയുടെ ആത്മാവിൽ അങ്ങേയറ്റത്തെ സത്യതയും നൈർമല്യവും ആയിരുന്നു. ദൈവദൃഷ്ടിയിൽ തിരുനബിയുടെ കർമങ്ങൾ അങ്ങേയറ്റം പ്രിയങ്കരവുമായിരുന്നു. ജനങ്ങൾ ഇനി മുതൽ നന്ദിപ്രകടനമെന്ന വണ്ണം സ്വലാത്ത് ചൊല്ലണമെന്ന് അല്ലാഹുവിന്റെ കല്പന പോലുമുണ്ടായി. അല്ലാഹു നമുക്ക് ഈ റമദാനിലും തുടർന്നും എപ്പോഴും സ്വലാത്ത് അതിന്റെ പ്രാധാന്യം മനസ്സിലാക്കി കൊണ്ട് ചൊല്ലുന്നവരാകാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

ഇപ്പോൾ ഞാൻ പ്രത്യേകമായ നിലയിൽ നിങ്ങളെ ഉണർത്താൻ ഉദ്ദേശിക്കുന്ന രണ്ടാമത്തെ കാര്യം ഇസ്തിഗ്ഫാറാണ്. **അസ്തഗ്ഫിറുല്ലാഹ റബ്ബീ മിൻ കുല്ലി ദമ്പിൻ വ അത്തൂബു ഇലൈഹി** എന്നത് അതിസുപ്രധാനമായ ദുആയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു, ഒരാൾ തന്റെ മനുഷ്യസഹജമായ ദൗർബല്യങ്ങൾ വെളിപ്പെടാതിരിക്കാനും തന്റെ പ്രകൃതത്തെ ശക്തമായി തുണയ്ക്കാനും ദൈവത്തോട് അർഥന നടത്തുക എന്നതാണ് ഇസ്തിഗ്ഫാറിന്റെ അടിസ്ഥാനപരവും യഥാർഥവുമായ അർഥം. ഗഫറ എന്ന അറബി പദത്തിന്റെ അർഥം മൂടിവയ്ക്കുക എന്നതാണ്. അതുകൊണ്ട് ഇസ്തിഗ്ഫാർ ചെയ്യുന്ന വ്യക്തിയുടെ പ്രകൃതിസഹജമായ ദൗർബല്യങ്ങൾ തന്റെ ദിവ്യശക്തി ഉപയോഗിച്ച് മൂടിവയ്ക്കാനുള്ള ദൈവത്തോടുള്ള തേട്ടമാണ് ഇസ്തിഗ്ഫാർ. എന്നാൽ പില്ക്കാലത്ത് ജനസാമാന്യത്തിനു വേണ്ടി ഇതിന്റെ അർഥം കൂടുതൽ വിപുലമാക്കി. സംഭവിച്ചു പോയ പാപങ്ങളെ ദൈവം മറച്ചു വയ്ക്കുക എന്നും അതു കൊണ്ട് ഉദ്ദേശിക്കപ്പെട്ടു. മനുഷ്യനെ സൃഷ്ടിച്ച ശേഷം ദൈവം അവനെ വിട്ടകന്നില്ല. അവൻ മനുഷ്യന്റെ സ്രഷ്ടാവ് എന്ന പോലെ അവന്റെ ഖയ്യൂം അഥവാ തന്റെ ശക്തിയാൽ അവന് ആശ്രയമേകുകയും അവനെ നിലനിറുത്തുകയും ചെയ്യുന്നവനുമാണ്.

**അല്ലാഹു ലാഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ഖയ്യൂം** എന്നത് അക്കാര്യത്തെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യൻ ജനിച്ചപ്പോൾ ഖാലിക്കിയത്ത് അഥവാ സൃഷ്ടികർതൃത്വത്തിന്റെ ഉദ്ദേശം പൂർത്തിയായി. എന്നാൽ ഖയ്യൂമിയ്യത്ത് അഥവാ സ്ഥിതികർതൃത്വത്തിന്റെയും റബൂബിയ്യത്ത് അഥവാ പരിപാലകത്വത്തിന്റെയും ജോലികൾ എന്നെന്നേക്കുമുള്ളതാണ്. അതിനാലാണ് സ്ഥിരമായ ഇസ്തിഗ്ഫാറിന്റെ ആവശ്യം നേരിട്ടത്. **ഇയ്യാക്ക ന**

**അ്ബുദു വഇയ്യാക്ക നസ്തഈൻ** എന്ന ആയത്ത് അതിലേക്കാണ് സൂചന നല്കുന്നത്. അതായത് അല്ലാഹുവേ നിന്റെ ഖയ്യൂമിയ്യത്തും റബൂബിയ്യത്തും ഞങ്ങൾക്ക് ആശ്രയമേകേണമേ. ഞങ്ങളെ വഴികേടിൽ നിന്നും രക്ഷിക്കേണമേ.

അല്ലാഹു എത്രത്തോളം പാപങ്ങളാണ് പൊറുത്തു തരികയെന്ന് ഒരുപാട് യുവാക്കളും കുട്ടികളും ചോദിക്കുന്നു. അല്ലാഹു പറയുന്നത്, എന്റെ കാരുണ്യം പ്രവിശാലമാണ്. അതിന് യാതൊരു പരിധിയുമില്ല. എന്നാൽ ഒരാളുടെ പശ്ചാത്താപം സത്യമുള്ളതായിരിക്കണം എന്ന നിബന്ധനയുണ്ട്. റസൂലുല്ലാഹ് (സ) പറയുകയുണ്ടായി, അല്ലാഹുവിന് തന്റെ ദാസന്റെ പശ്ചാത്താപത്തിലുണ്ടാകുന്നത്ര സന്തോഷം ഒരാൾക്ക് തന്റെ കളഞ്ഞു പോയ ഒട്ടകത്തെ മരുക്കാട്ടിൽ വച്ച് ലഭിക്കുമ്പോൾ പോലും ഉണ്ടാകില്ല. അല്ലാഹു പറയുന്നു, ആരെങ്കിലും എന്നോട് ഒരു മുഴം അടുക്കുമ്പോൾ ഞാൻ അവനോട് രണ്ടു മുഴം അടുക്കുന്നതാണ്. തങ്ങളെ പാപങ്ങളിൽ നിന്നും സുരക്ഷിതമാക്കാനും തങ്ങളുടെ പാപങ്ങൾ പൊറുക്കപ്പെടാനും അല്ലാഹുലിലേക്ക് അടുക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. അല്ലാഹു നമുക്ക് ഈ മാസം പ്രദാനം ചെയ്തിരിക്കുന്നതും പ്രത്യേകിച്ച് ഇക്കാര്യത്തിനായാണ്. റമദാൻ എന്നത് ദുആ സ്വീകാര്യതയുടെ മാസമാണ്. അതിന്റെ അവസാനത്തെ പത്ത് നരകത്തിൽ നിന്നും രക്ഷ നല്കുന്നതിനു വേണ്ടിയുള്ളതാണ്. നമ്മൾ അല്ലാഹുവുമായ ബന്ധം സ്ഥാപിക്കുകും നമ്മുടെ സ്വലാത്തും ഇസ്തിഗ്ഫാറും ദൈവത്തെ പ്രീതിപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ശത്രുക്കൾ ആയിരം ശ്രമങ്ങൾ നടത്തിയാലും നമുക്ക് ഒരു നഷ്ടവും വരുത്താൻ അവർക്കു സാധിക്കില്ല. എതിരാളികളുടെ ഉപദ്രവങ്ങളിൽ നിന്നും രക്ഷപ്പെടാനായും റമദാനിൽ ഒരുപാടു ദുആ ചെയ്യേണ്ടതുണ്ട്. അതുപോലെ കൊറോണ വൈറസിൽ നിന്നും രക്ഷപ്പെടാനും ഒരുപാടു ദുആ ചെയ്യണം. അല്ലാഹു ഈ വിപത്തിൽ നിന്നും ലോകത്തിന് മോചനം നല്കുമാറാകട്ടെ. നമ്മളെയും കാത്തു രക്ഷിക്കട്ടെ. അല്ലാഹു നമ്മെ യഥാർഹം സ്വലാത്തും ഇസ്തിഗ്ഫാറും ചെയ്യുന്നവരാക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللهُ وَ نَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ - عِبَادَاللهِ رَحِمَكُمُ
اللهُ اِنَّ اللهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللهِ اَكْبَرُ -


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 30.04.2021
Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516